# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM**

## പ്രധാനവാർത്തകൾ

**DATE:22.08.2026**

1. കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യയുടെ അധ്യക്ഷതയിൽ ബ്രിക്സ് യുവജനകാര്യ മന്ത്രിമാരുടെ യോഗത്തിന് ഇന്ന് വിശാഖപട്ടണത്ത് തുടക്കം.

2. ആറന്മുള ഉതൃട്ടാതി ജലോത്സവത്തിൽ ഉപരാഷ്ട്രപതി സി. പി രാധാകൃഷ്ണൻ വിശിഷ്ടാതിഥിയാകും. മികച്ച ക്രമീകരണങ്ങൾ ഉറപ്പാക്കുമെന്ന് മന്ത്രി മോൻസ് ജോസഫ്.

3. 72-ാമത് നെഹ്റു ട്രോഫി വള്ളംകളി ആവേശത്തിൽ ആലപ്പുഴ. മുഖ്യമന്ത്രി വി ഡി സതീശൻ ഇന്നുച്ചയ്ക്ക് ഉദ്ഘാടനം ചെയ്യും; പുന്നമടക്കായലിൽ തുഴയെറിയാൻ 71 വള്ളങ്ങൾ.

4. ഓണാഘോഷ ലഹരിയിൽ മലയാളക്കര. ശബരിമലയിൽ ഇത്തവണത്തെ തിരുവോണ സദ്യ നേരിട്ട് നടത്തുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ്.

5. സംസ്ഥാനത്തെ കർഷകർക്കുള്ള രണ്ടാംവിള നെല്ലുവില വിതരണം ആരംഭിച്ചു. ഓണത്തിനു മുൻപ് പരമാവധി കർഷകർക്ക് പണം കൈമാറുമെന്ന് മന്ത്രി അനൂപ് ജേക്കബ്.

RNU TVPM

6. കെ സി എൽ ക്രിക്കറ്റിൽ ഇന്ന് രണ്ടു മത്സരങ്ങൾ; ഏരീസ് കൊല്ലം - ട്രിവാൻഡ്രം റോയൽസിനെയും ആലപ്പി റിപ്പിൾസ് - തൃശ്ശൂർ ടൈറ്റൻസിനെയും നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁

## ബ്രിക്സ് - യോഗം

ഇന്ത്യയുടെ ആതിഥേയത്വത്തിൽ ബ്രിക്സ് യുവജനകാര്യ മന്ത്രിമാരുടെയും കായിക മന്ത്രിമാരുടെയും യോഗങ്ങൾ ഇന്നും നാളെയുമായി ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് നടക്കും. യോഗങ്ങളിൽ കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ അധ്യക്ഷത വഹിക്കും. യുവജനക്ഷേമ, കായിക മേഖലകളിലെ സഹകരണം ശക്തമാക്കുന്നതിനായി ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നുമുള്ള മന്ത്രിമാരും പ്രതിനിധിസംഘ തലവന്മാരും യോഗങ്ങളിൽ പങ്കെടുക്കും.

PNU TVPM

************************************

## റെയിൽവേ - പ്രശ്നപരിഹാരം

പാലക്കാട് റെയിൽവേ ഡിവിഷനിൽ നിന്ന് മംഗലാപുരം സ്റ്റേഷൻ ഉൾപ്പെടെയുള്ള ഭാഗങ്ങൾ വേർപെടുത്താനുള്ള തീരുമാനം ഏകപക്ഷീയമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ്. ഇതോടെ പാലക്കാട് ഡിവിഷന്റെ വരുമാനം ഗണ്യമായി കുറയുമെന്നും ഡിവിഷന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്നും പ്രസ്താവനയിൽ വ്യക്തമാക്കുന്നു. തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിനെ സമീപിക്കുമെന്നും സർക്കാർ വ്യക്തമാക്കി.

************************************

## ഉത്യട്ടാതി ജലമേള - ഉപരാഷ്ട്രപതി

ഇത്തവണത്തെ ആറന്മുള ഉതൃട്ടാതി ജലോത്സവത്തിൽ ഉപരാഷ്ട്രപതി സി. പി രാധാകൃഷ്ണൻ വിശിഷ്ടാതിഥിയാകും. ഈ മാസം 30 നാണ് ഉതൃട്ടാതി വള്ളംകളി. ജലോത്സവത്തിന് മികച്ച രീതിയിൽ തയ്യാറെടുപ്പുകൾ നടത്തുമെന്ന് ആറന്മുളയിൽ ചേർന്ന അവലോകന യോഗത്തിൽ മന്ത്രി മോൻസ് ജോസഫ് അറിയിച്ചു. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് സുരക്ഷ, ഗതാഗത ക്രമീകരണം, പാർക്കിംഗ് എന്നിവയ്ക്ക് വിപുലമായ സംവിധാനങ്ങളൊരുക്കാനും നിർദേശിച്ചു.

************************************

## നെഹ്റു ട്രോഫി (ഇൻട്രോ)

പ്രസിദ്ധമായ നെഹ്റു ട്രോഫി ജലോത്സവത്തിന്റെ ആവേശത്തിൽ ആലപ്പുഴ. ചെറുവള്ളങ്ങളുടെ പ്രാഥമികതല മത്സരങ്ങൾ ആരംഭിച്ചു. ഉച്ചക്ക് ശേഷമാണ് ചുണ്ടൻ വള്ളങ്ങൾ ഉൾപ്പെടെയുള്ള ജല രാജാക്കന്മാരുടെ ഫൈനൽ മത്സരം. രണ്ടുമണിക്ക് മുഖ്യമന്ത്രി വി ഡി സതീശൻ വള്ളംകളി ഉദ്ഘാടനം ചെയ്യും. പുന്നമടക്കായലിൽ ഓളപ്പരപ്പുകളിൽ 71 വള്ളങ്ങളാണ് തുഴയെറിയുന്നത്. 72 മത് നെഹ്റു ട്രോഫിയോടനുബന്ധിച്ച് ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ...**

(വോയിസ്)

************************************

**ഓണം**

RNU TVPM

ഓണാഘോഷ നിറവിൽ മലയാളക്കര. തിരുവോണത്തിന് ഇനി നാല് നാളുകൾ മാത്രം. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഓണാവധി ആരംഭിച്ചു. ഓണവിപണികളിൽ വലിയ ജനത്തിരക്കാണ് അനുഭവപ്പെടുന്നത്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും വ്യാജമദ്യം, ലഹരിക്കടത്ത് എന്നിവ തടയുന്നതിനും വാഹന പരിശോധനയും അതിർത്തി പട്രോളിംഗും ശക്തമാക്കി.

************************************

## കെ.എസ്.ആർ.ടി.സി- ഓണം ആനുകൂല്യങ്ങൾ

ഓണത്തോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും 33.92 കോടി രൂപ അനുവദിച്ച് സംസ്ഥാന സർക്കാർ. സ്ഥിരം ജീവനക്കാർക്ക് 10,000 രൂപ ഓണം സാലറി അഡ്വാൻസ് നൽകുമെന്ന് മന്ത്രി സി പി ജോൺ സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. സ്ഥിരം ജീവനക്കാർക്ക് 3,000 രൂപയും പെൻഷൻകാർക്ക് 1,250 രൂപയും ഉത്സവബത്തയും അനുവദിച്ചിട്ടുണ്ട്. താൽക്കാലിക ജീവനക്കാർക്ക് 1,000 രൂപയാണ് ഓണം അലവൻസ്.

RNU TVPM

************************************

## പാലക്കാട് (ഇൻട്രോ)

സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും കഴിഞ്ഞ രണ്ടാംവിളയിലെ നെല്ലുവില നൽകാൻ ആരംഭിച്ചു. നെല്ലിന്റെ താങ്ങുവില വിഹിതമായി കേന്ദ്രത്തിൽ നിന്നു ലഭിക്കേണ്ട 209 കോടി രൂപ അനുവദിച്ചതോടെയാണ് നടപടി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...**

(വോയിസ്)

************************************

## നിയമസഭാ ഓണം

സംസ്ഥാന സർക്കാരിന്റെ ഓണം-ടൂറിസം വാരാഘോഷത്തിന്റെ ഭാഗമായി നിയമസഭാ മന്ദിരവും പരിസരവും വൈദ്യുത ദീപാലംകൃതമാക്കും. മറ്റന്നാൾ മുതൽ ഈ മാസം 30 വരെയുള്ള ദിവസങ്ങളിൽ വൈകുന്നേരം 6.30 മുതൽ രാത്രി 10 വരെ പൊതുജനങ്ങൾക്ക് നിയമസഭാമന്ദിര പരിസരവും ദീപാലങ്കാരവും കാണുന്നതിന് അവസരമുണ്ടാകും.

************************************

## ശബരിമല നട

ഓണം പൂജയ്ക്കായി ശബരിമല ക്ഷേത്ര നട മറ്റന്നാൾ വൈകിട്ട് തുറക്കും. ഈ മാസം 28 വരെയാണ് ഓണം പൂജകൾ. ദർശനത്തിനായി എത്തുന്ന ഭക്തർക്ക് ഈ ദിവസങ്ങളിൽ ഓണസദ്യയും ഒരുക്കുന്നുണ്ട്.

RNU TVPM

************************************

## ശബരിമല - ഓണസദ്യ

ശബരിമലയിൽ ഭക്തർക്കായുള്ള തിരുവോണ സദ്യ ഇതാദ്യമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് നേരിട്ട് നടത്തും. തിരുവോണ ദിവസം സന്നിധാനത്ത് എത്തുന്ന എല്ലാ ഭക്തർക്കും സദ്യ നൽകാനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി ബോർഡ് അറിയിച്ചു. സദ്യയുടെ പേരിലുള്ള സ്പോൺസർഷിപ്പുകളും പണപ്പിരിവുകളും ഒഴിവാക്കാനാണ് ഓണസദ്യ നേരിട്ട് നടത്തുന്നതെന്നും ദേവസ്വം ബോർഡ് വ്യക്തമാക്കി.

************************************

## നിർമ്മാണ സാമഗ്രി നിയന്ത്രണം

മെറ്റൽ ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികളുടെ നിയന്ത്രണത്തിൽ നിന്നും കേരളത്തെ ഒഴിവാക്കുന്നത് പരിഗണിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശന് ഉറപ്പ് നൽകി തമിഴ്നാട് മുഖ്യമന്ത്രി വിജയ്. മഹാബലിപുരത്ത് നടന്ന സതേൺ സോണൽ കൗൺസിൽ യോഗത്തോട് അനുബന്ധിച്ച് തമിഴ്നാട് മുഖ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ശ്രീ സതീശൻ ഇക്കാര്യം ഉന്നയിച്ചിരുന്നു.

************************************

## സുരേഷ് ഗോപി - സന്ദർശനം

കൊല്ലം റെയിൽവേ സ്റ്റേഷനിൽ മിന്നൽ സന്ദർശനം നടത്തി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. റെയിൽവേ വികസനപദ്ധതികളുടെ നിർമ്മാണപുരോഗതി അദ്ദേഹം അവലോകനം ചെയ്തു. നിർമ്മാണ സമയം നീട്ടാനാവില്ലെന്നും ആവശ്യമെങ്കിൽ കൂടുതൽ ജോലിക്കാരെ ഉൾപ്പെടുത്തി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണമെന്നും കേന്ദ്രമന്ത്രി കർശന നിർദ്ദേശം നൽകി.

************************************

## തുഞ്ചൻ സ്മൃതി (ഇൻട്രോ)

ലോക്ഭവനിൽ സമ്മാനമായി ലഭിച്ചതും വാങ്ങിയതുമായ പുസ്തകങ്ങൾ സംരക്ഷിക്കുന്നതിനും ഗവേഷണത്തിനുമായി പ്രത്യേക ഗ്രന്ഥശാല ആരംഭിച്ചു. ലോക്ഭവന്റെ പ്രധാന കവാടത്തോട് ചേർന്നുള്ള പുതിയ കെട്ടിടത്തിലാണ് 'തുഞ്ചൻ സ്മൃതി' എന്ന ഗ്രന്ഥശാല പ്രവർത്തിക്കുന്നത്.

RNUTVPM

ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്...

(വോയിസ്)

***********************************

## കെ സി എൽ

കെ സി എൽ ക്രിക്കറ്റിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ ഏരീസ് കൊല്ലം സെയ്‌ലേഴ്സ് - ട്രിവാൻഡ്രം റോയൽസുമായി ഏറ്റുമുട്ടും. ഉച്ചക്ക് 2.30 നാണ് മത്സരം. രണ്ടാം മത്സരത്തിൽ വൈകിട്ട് 6.45ന് ആലപ്പി റിപ്പിൾസ് - തൃശ്ശൂർ ടൈറ്റൻസുമായി ഏറ്റുമുട്ടും.

***********************************

## വോളിബോൾ ചാമ്പ്യൻഷിപ്പ്

കോളേജ് സ്പോർട്സ് ലീഗ് വോളിബോൾ ചാമ്പ്യൻഷിപ്പിന് ഇന്ന് തിരുവനന്തപുരത്ത് സമാപനം. രാത്രി 7.30 ന് വെള്ളയമ്പലം ജിമ്മി ജോർജ് സ്റ്റേഡിയത്തിൽ നടക്കുന്ന സമാപന ചടങ്ങിൽ ശശി തരൂർ എം പി മുഖ്യാതിഥിയാകും. വിജയികൾക്കുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ വിതരണം ചെയ്യും.

***********************************

## മഴ

സംസ്ഥാനത്ത് നാളെ മുതൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ,

RNU TVPM

മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തീരങ്ങളിലും കന്യാകുമാരി തീരത്തും ഇന്നും നാളെയും കടലാക്രമണത്തിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

************************************

## അവയവദാനം

മസ്തിഷ്ക മരണത്തെ തുടർന്ന് അവയവങ്ങൾ ആറ് പേർക്ക് ദാനം ചെയ്ത്, ഏഴുവയസ്സുകാരി പി. ലിതിക്ഷ യാത്രയായി. തമിഴ്നാട് തൂത്തുക്കുടി സ്വദേശികളായ പ്രകാശ് – പൊൻ സിന്ധുജ ദമ്പതികളുടെ മകളാണ് ലിതിക്ഷ. തലച്ചോറിലെ ട്യൂമറിനെ തുടർന്ന് തിരുവനന്തപുരം ശ്രീചിത്ര ആശുപത്രിയിൽ ചികിത്സയിലായിരുന്ന ലിതിക്ഷയ്ക്ക് രണ്ടാമത്തെ ശസ്ത്രക്രിയ ചെയ്യാനിരിക്കെയാണ് മസ്തിഷ്കമരണം സംഭവിച്ചത്. അവയവദാനത്തിന് സന്നദ്ധരായ മാതാപിതാക്കളെ ആരോഗ്യമന്ത്രി കെ.മുരളീധരൻ ആദരവും അനുശോചനവും അറിയിച്ചു.

RNU TVPM

************************************

## ഹയർ സെക്കന്ററി ഇംപ്രൂമെന്റ് പരീക്ഷ

സംസ്ഥാനത്തെ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ ഒക്ടോബറിൽ നടക്കും. ഇത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ മന്ത്രി എൻ ഷംസുദ്ദീന് വിദ്യാർത്ഥികൾ നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിലാണ് നടപടി. നേരത്തെ പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷ പ്ലസ് ടു പരീക്ഷയോടൊപ്പം മാർച്ച് മാസത്തിലാണ് നടത്തിയിരുന്നത്.

RNU TVPM